Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
"With God all things are possible"
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

Circular letter No/GR/59/2025

ഈശോ മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരെ, ദൈവജനമേ!

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങൾക്ക് ഓരോരുത്തർക്കും നേർന്നു കൊള്ളുന്നു.

ആഗോള കത്തോലിക്കാ സഭ ഫെബ്രുവരി 11 നു, ലൂർദ് മാതാവിൻറെ തിരുനാൾ ദിവസം, രോഗീദിനമായി ആചരിക്കുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ 1992 മെയ് 13ആം തീയതിയാണ് ആഗോള സഭാതലത്തിൽ ലോക രോഗീദിനാചരണം ഏർപ്പെടുത്തിയത്. യേശുവിൽ നിന്ന് ശ്ലീഹന്മാരിലേക്കും ശ്ലീഹന്മാരിൽ നിന്ന് സഭയിലേക്കും കൈമാറ്റം ചെയ്യപ്പെട്ടു വന്ന രോഗീ ശുശ്രൂഷ സഭയുടെ ഏറ്റവും മഹനീയവും ശ്രേഷ്ഠവുമായ പ്രേക്ഷിത പ്രവർത്തിയാണ്. സഭാ മക്കളായ നമ്മളിലൂടെയാണ് ഇന്ന് ഈ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ രോഗീദിനാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നമ്മുടെ ഇടവകകളിൽ അത് ഫലപ്രദമായി കൊണ്ടാടുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഇടയലേഖനം ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

പ്രതീക്ഷയുടെ തീർത്ഥാടകരാകുവാൻ തിരുസഭ നമ്മെ ആഹ്വാനം ചെയ്യുന്ന ഈ ക്രിസ്തുജൂബിലി വർഷത്തിൽ 33 ആമത് ആഗോള രോഗീദിനാചരണം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ ജൂബിലി വർഷത്തിന്റെ സന്ദേശം ഒറ്റവാക്യത്തിൽ നമുക്ക് മനസ്സിലാക്കി തരുന്നത് പൗലോസ് അപ്പസ്തോലനാണ്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ 5:5). പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ രോഗീദിന സന്ദേശത്തിലും പ്രധാന പ്രമേയമായി എടുത്തിരിക്കുന്നത് ഈ തിരുവചനം തന്നെയാണ്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' . ആശ്വാസം പകരുന്ന വാക്കുകളാണെങ്കിലും തീരാ രോഗത്താൽ വലയുന്നവർക്കും അവരുടെ പ്രിയപ്പെട്ടവർക്കും ഈ തിരുവചനം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ളതായി വരും. കാരണം രോഗാവസ്ഥ മാനുഷികമായ ഒരു അവസ്ഥയാണ്. ദീർഘിക്കാവുന്നതും അസഹനീയവുമായി മാറിയേക്കാവുന്ന ഒരു പരീക്ഷണ കാലഘട്ടമാണിത്. സൗഖ്യം ലഭിക്കാത്തപ്പോൾ സഹനത്തിന്റെ ഏകാന്തതയിൽ നാം നഷ്ടഹൃദയരായി മാറിയേക്കാം. നിരാശയിൽ നിപതിച്ചു പോകാനും സാധ്യതയുണ്ടപ്പോൾ.

ഓരോ രോഗാവസ്ഥയ്ക്കും അനുയോജ്യമായ ചികിത്സാമാർഗ്ഗങ്ങൾ നാം അവലംബിക്കേണ്ട തുണ്ട്. എന്നാൽ രോഗാവസ്ഥയിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആയിരിക്കണം. താൻ സുഖപ്പെടുത്തുന്ന രോഗികളോട് ക്രിസ്തു അക്കാര്യം ആവർത്തിക്കുന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ... "നിൻറെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (മർക്കോ 5, 34. 36). മരണത്തിനു മുന്നിൽ പോലും മാനുഷീകമായി അസാധ്യമായത് വിശ്വാസം വഴി സാധ്യമാകുന്നു. ഓരോ രോഗാവസ്ഥയും ദൈവത്തിൻറെ കരുതലും കരുണയും അടുത്തനുഭവിക്കുവാനുള്ള അവസരമാണെന്നാണ് ഫ്രാൻസിസ് മാർപാപ്പ തന്റെ സന്ദേശത്തിൽ പറഞ്ഞു വയ്ക്കുന്നത്. മൂന്നുവർഷത്തെ പരസ്യ ജീവിതകാലത്ത് യേശുവിൻറെ പക്കൽ നിന്ന് സൗഖ്യം നേടിയവർ അനേകരാണ്. ഈശോയുടെ രക്ഷാകര വേലയുടെ അഭിവാജ്യ ഘടകം ആയിരുന്നു രോഗീശുശ്രൂഷ. ഈശോയോടൊപ്പം ചേർന്നുനിന്ന് സൗഖ്യത്തിന്റെ കണ്ണികളായി വർത്തിക്കുവാൻ രോഗീശുശ്രൂഷകർ പരിശ്രമിക്കണം. അത് കുടുംബങ്ങളിലാകാം, സ്ഥാപനങ്ങളിൽ ആകാം, ആതുരാലയങ്ങളിലും ആകാം. രോഗികളോട് അനുകമ്പയോടെ പെരുമാറാൻ നമുക്കാകണം. രോഗികളായി കഴിയുന്നവരെ സന്ദർശിക്കുകയും കഴിയും വിധത്തിൽ അവരെ ശുശ്രൂഷിക്കുകയും ചെയ്യണം.

ഈ ജൂബിലി വർഷത്തിൽ രോഗീദിനാചരണത്തിന്റെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും വരുന്ന ഞായറാഴ്ച അതായത് 2025 ഫെബ്രുവരി പതിനാറാം തീയതി രോഗീദിനമായി ആചരിക്കണം എന്ന് ഞാൻ അറിയിക്കുന്നു. പരിശുദ്ധ കുർബാനമധ്യേ ഈ ആചരണം ഫലപ്രദമായി നടത്തുവാൻ ആവശ്യമുള്ള എല്ലാം മാർഗനിർദ്ദേശങ്ങളും വികാരിയച്ചന്മാരെ അറിയിച്ചിട്ടുണ്ട്. അത് കൂടാതെ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ രോഗികളെ സന്ദർശിക്കുന്നതും കിടപ്പ് രോഗികൾക്ക് പരിശുദ്ധ കുർബാന കൊടുക്കുന്നതും ഓരോ കുടുംബങ്ങളിലും രോഗികൾക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതും ഉചിതമാണ്.

ആരോഗ്യ സംരക്ഷണവും രോഗിപരിചരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് രൂപതയിലെ ഹെൽത്ത് (health) കമ്മീഷൻ ആണ്. രൂപതാ ഹെൽത്ത് കമ്മീഷന്റെ ഡയറക്ടർ ബഹുമാനപ്പെട്ട സുബിൻ പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ വളരെ ഭംഗിയായാണ് ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത്. ഇതിൻറെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഓരോ ഇടവകയിലും ഒരു ഇടവക ഹെൽത്ത് യൂണിറ്റ് തുടങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മാതൃജ്യോതിസ്, മരിയായിൻ സേനൈ തുടങ്ങിയ ഭക്തസംഘടനകളിൽ ഉള്ളവരെ ഉൾപ്പെടുത്തി ആറോ ഏഴോ പേരടങ്ങുന്ന ഒരു ചെറു സംഘമായി ഇതിനെ രൂപീകരിക്കാവുന്നതാണ്. അതുപോലെതന്നെ ഇനി വരുന്ന ഞായറാഴ്ചകളിൽ രൂപത ഹെൽത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു ചെറിയ സംഘം ഇടവക സന്ദർശിക്കുന്നതും പരിശുദ്ധ കുർബാനക്ക് ശേഷം ആരോഗ്യ പരിപാലന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവബോധന ക്ലാസുകൾ നടത്തു

ന്നതും ആയിരിക്കും. ഇക്കാര്യങ്ങളിൽ ഒക്കെ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു.

സ്നേഹമുള്ളവരെ, ഈശോയുടെ മുമ്പിൽ രോഗികളെ പ്രത്യാശയോടെ നമുക്ക് സമർപ്പിക്കാം. രോഗിശുശ്രൂഷ ഏറ്റെടുത്തിരിക്കുന്ന എല്ലാവരെയും ശക്തിപ്പെടുത്തണമേ എന്ന് പ്രാർത്ഥിക്കാം. രൂപത മുന്നെടുക്കുന്ന എല്ലാ ഉദ്യമങ്ങളോടും കൈകോർത്ത് രോഗീശുശ്രൂഷയിൽ പ്രത്യാശയുടെ തീർത്ഥാടകരായി ഒരുമിച്ച് സഞ്ചരിക്കാം.

ബിഷപ്പ്സ് ഹൗസ്
06 – 02 - 2025

ഈശോയിൽ സ്നേഹപൂർവ്വം,

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

†മാർ ജോർജ് രാജേന്ദ്രൻ SDB
തക്കല രൂപത മെത്രാൻ

NB: ഈ സർക്കുലർ 2025 ഫെബ്രുവരി 09 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനയ്ക്കുശേഷം വായിക്കണം.